# 144/2014 - M

1. നാല് ഒളിമ്പിക്സിൽ തുടർച്ചയായി പങ്കെടുത്ത ആദ്യത്തെ ഇന്ത്യൻ വനിത :
   (A) ഷൈനി വിൽസൻ
   (B) പി.ടി. ഉഷ
   (C) വൽസമ്മ
   (D) അഞ്ജു ബോബി ജോർജ്

2. ലക്ഷദ്വീപ് ഗ്രൂപ്പിലെ ഏറ്റവും വിസ്തീർണ്ണം കൂടിയ ദ്വീപ് :
   (A) കവറത്തി (B) ആന്ത്രോത്ത് (C) ഗുവഹാത്തി (D) പുതുച്ചേരി

3. ദിഗ്ബോയ് എന്തിനാണ് പ്രസിദ്ധം ?
   (A) കൽക്കരിപ്പാടം (B) പെട്രോളിയം (C) എണ്ണപ്പാടം (D) അമോണിയം

4. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപാദിപ്പിക്കുന്ന സംസ്ഥാനം :
   (A) തമിഴ്നാട് (B) കർണ്ണാടക (C) ഗോവ (D) കേരളം

5. ഭൂമധ്യരേഖയോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന ഇന്ത്യൻ മേജർ തുറമുഖം :
   (A) വിശാഖപട്ടണം (B) മുംബൈ (C) തൂത്തുക്കുടി (D) മർമ്മഗോവ

6. ഭാരത് ഭവൻ എന്ന മൾട്ടി ആർട്ട് സെന്റർ സ്ഥിതിചെയ്യുന്ന നഗരം :
   (A) ഭോപ്പാൽ (B) ലക്നൗ (C) ഭുവനേശ്വർ (D) തഞ്ചാവൂർ

7. സ്വതന്ത്ര ഓൺലൈൻ വിജ്ഞാനകോശം :
   (A) ഗൂഗിൾ (B) വിക്കിപീഡിയ (C) യുട്യൂബ് (D) യാഹു

8. ഏഷ്യയിലെ ആദ്യ ഹൃദയം മാറ്റൽ ശാസ്ത്രക്രിയ നടന്ന വർഷം :
   (A) 1967 (B) 1989 (C) 1996 (D) 1968

9. ഗദ്യരൂപത്തിലുള്ള ഏക വേദം :
   (A) സാമവേദം (B) യജുർവേദം (C) അഥർവ്വവേദം (D) ഋഗ്വേദം

10. ഗുഡ്ഗാവ് വ്യവസായമേഖല ഏതു സംസ്ഥാനത്താണ് ?
    (A) ഹരിയാന (B) ജാർഖണ്ഡ് (C) ഓറീസ (D) ഛത്തീസ്ഖഢ്

11. ഭാഗവതപ്രകാരം വിഷ്ണുവിന് എത്ര അവതാരങ്ങളുണ്ട് ?
    (A) 7 (B) 5 (C) 10 (D) 12

12. ആത്മകഥാകാരന്മാരിലെ രാജകുമാരൻ എന്നറിയപ്പെടുന്നത് :
    (A) ഷേർഷ (B) അക്ബർ (C) ശിവജി (D) ബാബർ

13. 110201 എന്ന പിൻകോഡ് പുതിയതായി അനുവദിച്ചത് ഏത് സ്ഥാപനത്തിനാണ് ?
(A) നിയമസഭ (B) സുപ്രീം കോടതി (C) പാർലമെന്റ് (D) രാഷ്ട്രപതി ഭവൻ

14. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല മേഖലകൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ച പുതിയ സമിതിയുടെ തലവൻ :
(A) സതീഷ് ധവാൻ (B) ജോഡീ ബീവർ
(C) ഡൊണാൾഡ് ബെയ്‌ലി (D) കസ്തൂരിരംഗൻ

15. പൂർവ്വദിക്കിലെ ഏലത്തോട്ടം എന്നറിയപ്പെടുന്നത് :
(A) കേരളം (B) ആന്ധ്ര (C) കർണ്ണാടക (D) തമിഴ്നാട്

16. ഇന്ത്യയുമായി ഏറ്റവും കൂടുതൽ രാജ്യാന്തര അതിർത്തി പങ്കിടുന്ന രാജ്യം :
(A) ഭൂട്ടാൻ (B) അഫ്ഗാനിസ്ഥാൻ
(C) ബംഗ്ലാദേശ് (D) പാക്കിസ്ഥാൻ

17. ലോകഭൗമദിനം :
(A) ഏപ്രിൽ 22 (B) ഏപ്രിൽ 12 (C) മാർച്ച് 22 (D) മെയ് 22

18. എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമം എന്ത് ഉൽപാദനത്തിലാണ് പ്രസിദ്ധിയാർജിച്ചിരിക്കുന്നത് ?
(A) പപ്പായ (B) മരച്ചീനി (C) കൈതചക്ക (D) ചക്ക

19. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട റാബിവിള :
(A) ബാർലി (B) നെല്ല് (C) ചോളം (D) ഗോതമ്പ്

20. കാജുഫെനി എവിടത്തെ പ്രശസ്തമായ പാനീയമാണ് :
(A) സിക്കിം (B) ഗോവ
(C) അരുണാചൽപ്രദേശ് (D) മിസോറാം

21. ഏതു നദിയുടെ പോഷകനദിയാണ് തീസ്ത ?
(A) ഗംഗ (B) കാവേരി (C) സിന്ധു (D) ബ്രഹ്മപുത്ര

22. ജാദുഗുഡ ഖനി ഏതു ധാതുവിനു പ്രസിദ്ധം ?
(A) അമോണിയ (B) യുറേനിയം (C) തോറിയം (D) കാർബൺ

23. കാഞ്ചിപുരം ഏതു നദിയുടെ തീരത്താണ് ?
(A) പാലാർ (B) രാംഗംഗ (C) യമുന (D) ഗോദാവരി

24. രാമേശ്വരം ദ്വീപിനെ ഇന്ത്യൻ ഉപദ്വീപുമായി വേർതിരിക്കുന്നത് :

(A) സൂയസ് കനാൽ (B) പനാമ കനാൽ (C) പാമ്പൻ ചാനൽ (D) 90 ചാനൽ

25. ഇന്ത്യൻ ഭരണഘടനയിൽ 'ഭരണഘടന ഭേദഗതി' എന്ന ആശയം കടം കൊണ്ടത് ഏതു രാജ്യത്തിന്റെ ഭരണഘടനയിൽ നിന്നാണ് :

(A) അമേരിക്ക (B) ബ്രിട്ടീഷ് (C) ജപ്പാൻ (D) ദക്ഷിണാഫ്രിക്ക

26. അടുത്തിടെ ചുഴലിക്കാറ്റ് മൂലം ഏറ്റവുമധികം ദുരിതം അനുഭവിച്ച രണ്ട് സംസ്ഥാനങ്ങളിലൊന്നാണ് ആന്ധ്രപ്രദേശ്. മറ്റേ സംസ്ഥാനം ഏത് ?

(A) ഓഡീഷ്യ (B) ഗോവ (C) ഉത്തരാഞ്ചൽ (D) ജാർഖണ്ഡ്

27. സംസ്ഥാനരൂപീകരണം മുതൽ സമ്പൂർണ്ണ മദ്യ നിരോധനം നിലനിൽക്കുന്ന ഇന്ത്യൻ സംസ്ഥാനം:

(A) മിസോറാം (B) ഗുജറാത്ത് (C) സിക്കിം (D) മദ്ധ്യപ്രദേശ്

28. സേവന മികവിന് ISO സർട്ടിഫിക്കേഷൻ ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ നഗരസഭ :

(A) ആലപ്പുഴ (B) ഇടുക്കി (C) മലപ്പുറം (D) എറണാകുളം

29. റിസർവ്വ് ബാങ്ക് ഗവർണർ :

(A) പ്രതിഭ പാട്ടീൽ (B) ഷീല ദിക്ഷിത് (C) സുബ്ബറാവു (D) രഘുറാം രാജൻ

30. ഒരു ക്ലോക്കിൽ 7.20 ആകുമ്പോൾ മിനിറ്റ് സൂചിക്കും മണിക്കൂർ സൂചിക്കും ഇടയിലുള്ള കോൺ അളവ് എത്ര ?

(A) 90° (B) 120° (C) 100° (D) 110°

31. വിദ്യഭ്യാസം മൗലിക അവകാശമായി ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിൾ പ്രകാരം :

(A) 21a (B) 21b (C) 4a (D) 51

32. പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളിലും കാണപ്പെടുന്ന ഏക വിഷയം :

(A) ജീവശാസ്ത്രം (B) ഗണിതശാസ്ത്രം

(C) സാമൂഹ്യശാസ്ത്രം (D) ഭൗതികശാസ്ത്രം

33. കേരളത്തിലൊഴികെ മറ്റു സംസ്ഥാനങ്ങളിൽ തുടർച്ചയായി ഏറ്റവും കൂടുതൽ ദിവസം പ്രദർശിപ്പിച്ച മലയാള ചലച്ചിത്രം :

(A) ഗോഡ്ഫാദർ (B) ദശാവതാരം

(C) സേതുരാമയ്യർ CBI (D) ഒരു CBI ഡയറിക്കുറിപ്പ്

34. കേരളത്തിൽ ഏറ്റവും കൂടുതൽ വ്യവസായ യൂണിറ്റുകളുള്ള ജില്ല :
(A) കോട്ടയം (B) എറണാകുളം (C) ഇടുക്കി (D) പത്തനംതിട്ട

35. എസ്. ബാലചന്ദറുമായി ബന്ധപ്പെട്ട സംഗീതോപകരണം :
(A) വീണ (B) ഗിത്താർ (C) വയലിൻ (D) മൃദംഗം

36. കോട്ടകളെ തകർക്കുന്നവർ എന്ന അർത്ഥത്തിൽ പുരന്ധരൻ എന്നറിയപ്പെട്ട ദേവൻ :
(A) യമൻ (B) അഗ്നി (C) ഇന്ദ്രൻ (D) വായു

37. ഗീതാഗോവിന്ദം രചിച്ചത് :
(A) ജയദേവൻ (B) നാരായണ ഭട്ടതിരി
(C) ശ്രീ ശങ്കരൻ (D) ഇവരൊന്നുമല്ല

38. അറ്റോമിക സംഖ്യ 79 ആയ മൂലകം :
(A) വെള്ളി (B) സ്വർണ്ണം (C) അലുമിനിയം (D) സിങ്ക്

39. "ഒന്നും ഒന്നും ചേർന്നാൽ ഇമ്മണി ബല്യ ഒന്ന്" എന്ന് പറഞ്ഞ ബഷീർ കഥാപാത്രം :
(A) പാത്തുമ്മ (B) അലി (C) സുബൈദ (D) മജീദ്

40. ഏറ്റവും കൂടുതൽ ഭാഷകൾ പ്രയോഗത്തിലുള്ള രാജ്യം :
(A) ഇന്ത്യ (B) ഇൻഡോനേഷ്യ (C) ന്യൂഗിനിയ (D) കാമറൂൺ

41. ചന്ദ്രനെ കുറിച്ചുള്ള പഠനം :
(A) പാതോളജി (B) ഊനോളജി (C) സെലനോളജി (D) സീസ്മോളജി

42. 1936 -ൽ ഓൾ ഇന്ത്യ റേഡിയോ എന്ന പേരു സ്വീകരിച്ച സ്ഥാപനം :
(A) ആകാശവാണി (B) ദൂരദർശൻ (C) ഏഷ്യനെറ്റ് (D) ബിബിസി

43. ഇന്റർനെറ്റ് കംമ്പ്യൂട്ടർ ശൃംഖലയ്ക്കു തുടക്കമിട്ട രാജ്യം :
(A) ഇംഗ്ലണ്ട് (B) ജപ്പാൻ (C) യു.എസ്.എ (D) ചൈന

44. തെക്കെ ഇന്ത്യ സന്ദർശിച്ച അതനേഷ്യസ് നികിതിൽ ഏതു രാജ്യക്കാരനായിരുന്നു ?
(A) ആസ്ട്രേലിയ (B) യൂറോപ്പ് (C) ആഫ്രിക്ക (D) ഏഷ്യ

45. ആത്മവിദ്യാസംഘം സ്ഥാപിച്ചതാര് ?
(A) ശ്രീ നാരായണഗുരു (B) വാഗ്ഭടാനന്ദൻ
(C) ചട്ടമ്പി സ്വാമികൾ (D) ഗുരുനാനാക്ക്

46. പോർച്ചുഗീസുകാർ കേരളത്തിനു നൽകിയ ഏറ്റവും വലിയ സാംസ്കാരിക സംഭാവന :
(A) മോഹിനിയാട്ടം (B) കൂടിയാട്ടം (C) കഥകളി (D) ചവിട്ടുനാടകം

47. ഹംസവും ദമയന്തിയും എന്ന ചിത്രം ആരുടെതാണ് ?
(A) മാനവേദൻ (B) രാജാരവിവർമ്മ
(C) മുകുന്ദരാജ (D) കൊട്ടാരക്കര തമ്പുരാൻ

48. കേരള ഗവർണറായ ഏക മലയാളി :
(A) വി.വിശ്വനാഥൻ (B) അയിഷഭായി
(C) കെ.പി. ഗോപാലൻ (D) ഡി. ദാമോദരൻപോറ്റി

49. വജ്രയാനം ഏതു മതത്തിന്റെ വിഭാഗമാണ് ?
(A) ജൈനമതം (B) പാഴ്സിമതം (C) ബുദ്ധമതം (D) ഹിന്ദുമതം

50. ഇന്ത്യയുടെ തപാൽ സ്റ്റാമ്പിലും നാണയത്തിലും ഇടം പിടിച്ച ആദ്യ കേരളീയൻ :
(A) വിവേകാനന്ദൻ (B) ദയാനന്ദ സരസ്വതി
(C) രാജാറാം മോഹൻ റോയ് (D) ശ്രീ നാരായണഗുരു

51. കേരളത്തിൽ സ്കൂൾ പരിസരത്ത് മോട്ടോർ കാറുകളുടെ പരമാവധി വേഗത മണിക്കൂറിൽ എത്ര കിലോമീറ്റർ ആണ് ?
(A) 60 (B) 40 (C) 50 (D) 30

52. കേരളത്തിലെ റോഡുകളിലെ ടിപ്പർ ലോറികൾക്ക് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് താഴെ പറയുന്നവയിൽ ഏതു സമയത്താണ് ?
(A) രാവിലെ 5 മണി മുതൽ 6 മണി വരെ
(B) രാവിലെ 8 മണി മുതൽ 10 മണി വരെ
(C) രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ
(D) രാവിലെ 9 മണി മുതൽ 10 മണി വരെ

53. മോട്ടോർ കാർ ഓടിക്കാൻ പഠിക്കുന്നതിനു വേണ്ടതായ ലേണേഴ്സ് ലൈസൻസ് നേടുന്നതിനു വേണ്ട കുറഞ്ഞ പ്രായ പരിധി എത്ര വയസാണ് ?
(A) 20 (B) 21 (C) 18 (D) 15

54. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിനു വേണ്ടി നൽകുന്ന ബാഡ്ജിന്റെ കാലാവധി എത്ര വർഷമാണ് ?
(A) 3 (B) 1 (C) 2 (D) 5

55. സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി എത്ര വർഷമാണ് ?

(A) 10 (B) 20 (C) 15 (D) 5

56. സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ പ്ലേറ്റുകൾ താഴെ പറയുന്നവയിൽ ഏതു വിധത്തിലുള്ളതായിരിക്കണം ?

(A) വെള്ള പ്രതലത്തിൽ കറുത്ത അക്ഷരങ്ങൾ

(B) കറുത്ത പ്രതലത്തിൽ വെളുത്ത അക്ഷരങ്ങൾ

(C) മഞ്ഞ പ്രതലത്തിൽ കറുത്ത അക്ഷരങ്ങൾ

(D) നീല പ്രതലത്തിൽ കറുത്ത അക്ഷരങ്ങൾ

57. വാഹനം പാർക്ക് ചെയ്തിരിക്കുന്ന അവസരത്തിൽ ഉപയോഗിക്കേണ്ടതായ ബ്രേക്ക് താഴെ പറയുന്നവയിൽ ഏതാണ് ?

(A) സഡൻ ബ്രേക്ക് (B) ഡിസ്ക് ബ്രേക്ക്

(C) ഹാൻഡ് ബ്രേക്ക് (D) ഫെയിൽ സേഫ് ബ്രേക്ക്

58. മോട്ടോർ സൈക്കിൾ ഓടിക്കുന്ന ഒരാൾ നിർബന്ധമായും ധരിക്കേണ്ടത് താഴെ പറയുന്നവയിൽ ഏതാണ് ?

(A) സീറ്റ് ബെൽറ്റ് (B) ഹെൽമെറ്റ് (C) ഹാൻഡ് ഗ്ലൗസ് (D) ഇതൊന്നുമല്ല

59. താഴെ പറയുന്നവയിൽ ഏതു വാഹനത്തിനാണ് റോഡിൽ മുൻഗണന നൽകേണ്ടത് ?

(A) സൂപ്പർ ഫാസ്റ്റ് (B) സൂപ്പർ എക്സ്പ്രസ്സ്

(C) സൂപ്പർ ഡീലക്സ് (D) ആംബുലൻസ്

60. റോഡിൽ കൂടി വാഹനം ഓടിച്ചുകൊണ്ടു പോകുമ്പോൾ തൊട്ടു മുൻപിൽ പോകുന്ന വാഹനവുമായി പാലിച്ചിരിക്കേണ്ട അകലം എത്രയാകുന്നു ?

(A) 5 മീറ്റർ (B) 10 മീറ്റർ

(C) 7 മീറ്റർ (D) സുരക്ഷിതമായ അകലം

61. യു ടേൺ തിരിയേണ്ടതായ അവസരത്തിൽ കാണിക്കേണ്ട സിഗ്നൽ ഏതാണ് ?

(A) ഇടത്തോട്ടു തിരിയുന്നതിനുള്ളത്

(B) വാഹനം നിർത്തുന്നതിനുള്ളത്

(C) വലത്തോട്ടു തിരിയുന്നതിനുള്ളത്

(D) ഓവർടേക്ക് ചെയ്തുകൊള്ളാൻ അനുവദിക്കുന്നത്

62. ഏതു തരം റോഡുകളിലാണ് റിവേഴ്സ് ഗിയറിൽ വാഹനം ഓടിക്കുവാൻ പാടില്ലാത്തത് ?
(A) വൺവേ നിയന്ത്രണമുള്ളവയിൽ
(B) സ്റ്റേറ്റ് ഹൈവേകളിൽ
(C) നാഷണൽ ഹൈവേകളിൽ
(D) ഇരുദിശകളിലേക്കും വാഹനം ഓടിക്കാവുന്നവയിൽ

63. ഓവർ ടേക്കിംഗ് നിരോധിച്ചിട്ടുള്ളത് എവിടെയാണ് ?
(A) നിരപ്പായ റോഡുകളിൽ (B) അപകട സാധ്യത ഇല്ലാത്ത സ്ഥലങ്ങളിൽ
(C) ഹൈവേകളിൽ (D) വളവുകളിൽ

64. നിർബന്ധമായും പാലിച്ചിരിക്കണം എന്ന് അനുശാസിക്കുന്ന റോഡ് ചിഹ്നങ്ങൾ ഏത് ആകൃതിയിലുള്ള പ്രതലത്തിലായിരിക്കും പ്രദർശിപ്പിച്ചിരിക്കുന്നത് ?
(A) ത്രികോണം (B) സമചതുരം (C) ദീർഘചതുരം (D) വൃത്തം

65. താഴെ പറയുന്നവയിൽ എവിടെയാണ് വാഹനം പാർക്ക് ചെയ്യാൻ പാടില്ലാത്തത് ?
(A) പോലീസ് സ്റ്റേഷനു സമീപം (B) ഫുട്പാത്തിൽ
(C) കോടതിക്കു സമീപം (D) പോസ്റ്റ് ഓഫീസിനു സമീപം

66. കെട്ടി വലിക്കുന്ന വാഹനത്തിന്റെ പിന്നറ്റവും കെട്ടി വലിക്കപ്പെടുന്ന വാഹനത്തിന്റെ മുന്നറ്റവും തമ്മിൽ ഉണ്ടായിരിക്കാവുന്ന അകലം എത്രയാണ് ?
(A) 10 മീറ്ററിൽ കവിയാൻ പാടില്ല (B) 15 മീറ്ററിൽ കവിയാൻ പാടില്ല
(C) 5 മീറ്ററിൽ കവിയാൻ പാടില്ല (D) 1 മീറ്ററിൽ കവിയാൻ പാടില്ല

67. ഇന്ത്യയിൽ മോട്ടോർ വാഹനങ്ങൾ റോഡിന്റെ ഏതു വശത്തു കൂടിയാണ് ഓടിക്കേണ്ടത് ?
(A) ഇടതു വശത്തു കൂടി (B) വലതു വശത്തു കൂടി
(C) റോഡിന്റെ മദ്ധ്യ ഭാഗത്തുകൂടി (D) ഇഷ്ടമുള്ള വശത്തുകൂടി

68. നിങ്ങൾ ഓടിക്കുന്ന വാഹനം അപകടത്തിൽ പെട്ട് ആർക്കെങ്കിലും പരിക്ക് പറ്റിയാൽ എന്തു ചെയ്യണം ?
(A) വാഹനം ഓടിച്ചു പോയി അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കും
(B) വാഹനം നിർത്തിയിട്ട് അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരമറിയിക്കും
(C) പരിക്ക്പറ്റിയ ആൾക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 24 മണിക്കൂറിനുള്ളിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരമറിയിക്കുകയും ചെയ്യും
(D) വാഹനം നിർത്താതെ ഓടിച്ചു പോകണം

69. ഒരു സ്വകാര്യ വാഹനത്തിൽ സഞ്ചരിക്കാവുന്നവരുടെ എണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് എവിടെയാണ് ?

(A) പെർമിറ്റിൽ
(B) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ
(C) ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ
(D) ഇൻഷുറൻസ് സർട്ടിഫിക്കറ്റിൽ

70. കാൽനട യാത്രക്കാർ നടപ്പാതയില്ലാത്ത ഒരു റോഡിന്റെ ഏതു വശത്തുകൂടി നടക്കണം ?

(A) വലതുവശം
(B) ഇടതുവശം
(C) റോഡിന്റെ മദ്ധ്യഭാഗം
(D) ഇഷ്ടമുള്ള വശം

71. വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കാവുന്ന ഒരു സന്ദർഭം ?

(A) വാഹനം ഓടിക്കുമ്പോൾ ഒരു അവസരത്തിലും മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ല
(B) വാഹനത്തിന്റെ വേഗത മണിക്കൂറിൽ 30 കി.മീ.-ൽ കുറവാണെങ്കിൽ മൊബൈൽ ഫോൺ ഉപയോഗിക്കാം
(C) വാഹനത്തിന്റെ വേഗത മണിക്കൂറിൽ 40 കി.മീ.-ൽ കൂടുതലാണെങ്കിൽ മൊബൈൽ ഫോൺ ഉപയോഗിക്കാം
(D) വാഹനത്തിന്റെ വേഗത മണിക്കൂറിൽ 20 കി.മീ. ആണെങ്കിൽ മൊബൈൽ ഫോൺ ഉപയോഗിക്കാം

72. നാൽക്കവലയിലേക്ക് പ്രവേശിക്കാൻ പോകുന്ന ഒരു വാഹനത്തിന് നേരെ മുന്നോട്ടു തന്നെ പോകണമെങ്കിൽ ഡ്രൈവർ കാണിക്കേണ്ടതായ സിഗ്നൽ ഏതാണ് ?

(A) ഇടത്തേക്കുള്ള സിഗ്നൽ
(B) ഒരു സിഗ്നലും കാണിക്കേണ്ടതില്ല
(C) വലത്തേക്കുള്ള സിഗ്നൽ
(D) ഇടത്തും വലത്തും ഉള്ള ഇൻഡിക്കേറ്റർ ലൈറ്റുകൾ ഒരുമിച്ച് പ്രകാശിപ്പിക്കുക

73. ഹൈഡ്രോളിക് ബ്രേക്ക് ലൈനിൽ കുടുങ്ങിക്കിടക്കുന്ന വായുവിനെ നീക്കം ചെയ്യുന്ന പ്രക്രിയക്കു പറയുന്ന പേരാണ് :

(A) കാർബുറേഷൻ
(B) ക്രാങ്ക്കേസ് വെന്റിലേഷൻ
(C) ഫ്യുവെൽ ഇഞ്ചക്ഷൻ
(D) ബ്ലീഡിംഗ് ഓഫ് ബ്രേക്സ്

74. ഏതു തരം ഗിയർ ബോക്സുകൾക്കാണ് ഡബിൾ ഡീക്ലച്ചിംഗ് ആവശ്യമായുള്ളത് ?

(A) സ്ലൈഡിംഗ് മെഷ്
(B) കോൺസ്റ്റന്റ് മെഷ്
(C) സിങ്ക്രോമെഷ്
(D) ഓട്ടോമാറ്റിക്

75. ലെഡ് ആസിഡ് ബാറ്ററിയിലുപയോഗിക്കുന്ന ആസിഡ് ഏതാണ് ?

(A) ഫോസ്ഫോറിക് ആസിഡ്
(B) ഹൈഡ്രോക്ലോറിക് ആസിഡ്
(C) സൾഫ്യൂറിക് ആസിഡ്
(D) സിട്രിക് ആസിഡ്

76. റോഡ് സാഹചര്യങ്ങൾക്കനുസരിച്ച് പ്രൊപ്പല്ലർ ഷാഫ്റ്റിന്റെ നീളം ക്രമീകരിക്കുന്നതിനായി അതിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ്

(A) യൂണിവേഴ്സൽ ജോയന്റ്
(B) സ്ലിപ്പ് ജോയന്റ്
(C) ഷാക്കിൾ
(D) ഡിഫറൻഷ്യൽ

77. എഞ്ചിൻ സിലിണ്ടറിന്റെ ഉൾവ്യാസത്തിനു പറയുന്ന പേരെന്ത് ?

(A) സ്ട്രോക്ക് (B) ക്രാങ്ക് (C) ബോർ (D) ടോർക്ക്

78. പിസ്റ്റണിനെ ക്രാങ്ക് ഷാഫ്റ്റുമായി ബന്ധിപ്പിക്കുന്ന ഭാഗത്തിന്റെ പേരെന്ത് ?

(A) കണക്ടിംഗ് റോഡ്
(B) കാംഷാഫ്റ്റ്
(C) വാൽവ്
(D) ഫ്ലൈവീൽ

79. താഴെ പറയുന്നവയിൽ ഏതാണ് എഞ്ചിൻ കൂളിംഗ് സിസ്റ്റത്തിന്റെ ഒരു പ്രധാന ഭാഗം :

(A) ഓയിൽ പമ്പ് (B) റേഡിയേറ്റർ (C) കാർബ്യുറേറ്റർ (D) ഡീസൽ ഫിൽറ്റർ

80. വായുനിറക്കുന്നതിന് പ്രത്യേകമായി ട്യൂബ് ഉപയോഗിക്കാത്ത ടയറാണ് :

(A) ട്യൂബ്ഡ് ടയർ (B) അലോയ്‌വീൽ (C) റേഡിയൽ ടയർ (D) ട്യൂബ്ലെസ് ടയർ

81. വാഹനം സഞ്ചരിക്കുന്ന ദൂരം രേഖപ്പെടുത്തുന്ന ഉപകരണമാണ് :

(A) ആൽക്കോമീറ്റർ (B) സ്പീഡോ മീറ്റർ (C) ഓഡോ മീറ്റർ (D) ടാക്കോ മീറ്റർ

82. തീപിടുത്തമുണ്ടായാൽ തീ അണയ്ക്കുന്നതിനായി കരുതി വെക്കുന്ന ഒരു സുരക്ഷാ ഉപകരണം താഴെ പറയുന്നവയിൽ ഏതാണ് ?

(A) പൈപ്പ് റെഞ്ച്
(B) ഫയർ എക്സ്റ്റിംഗ്വിഷർ
(C) അൺലോഡർ വാൽവ്
(D) എയർ ഫിൽറ്റർ

83. ഒരു ചരക്കുവാഹനത്തിൽ കയറ്റിയിരിക്കുന്ന സാധനങ്ങളുടെ വിവരണം, ഡ്രൈവറെയും യാത്രയെയും സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്ന രേഖയുടെ പേരാണ് :

(A) ട്രിപ്പ് ഷീറ്റ്
(B) പെർമിറ്റ്
(C) ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
(D) ഗുഡ്സ് കാര്യേജ് റിക്കാർഡ്

84. ഒരു ട്രാൻസ്പോർട്ട് വാഹനത്തിന് സ്വകാര്യ വാഹനത്തിൽ സൂക്ഷിക്കേണ്ടതിനേക്കാൾ അധികമായി താഴെ പറയുന്നവയിൽ ഏതു രേഖയാണ് ഉണ്ടായിരിക്കേണ്ടത് ?

(A) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (B) ഇൻഷുറൻസ് സർട്ടിഫിക്കറ്റ്

(C) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (D) ടാക്സ് ലൈസൻസ്

85. രണ്ടര മണിക്കൂർ $\left(2\frac{1}{2}\right)$ കൊണ്ട് നൂറ് (100) കിലോമീറ്റർ സഞ്ചരിക്കുന്ന ഒരു വാഹനത്തിന്റെ ശരാശരി വേഗത താഴെ പറയുന്നവയിൽ ഏതാകുന്നു ?

(A) 40 കി.മീ/മണിക്കൂർ (B) 50 കി.മീ/മണിക്കൂർ

(C) 20 കി.മീ/മണിക്കൂർ (D) 60 കി.മീ/മണിക്കൂർ

86. എഞ്ചിനും ഗിയർ ബോക്സും തമ്മിലുള്ള ബന്ധം ആവശ്യാനുസരണം വിഛേദിക്കാനും പുന:സ്ഥാപിക്കാനും വേണ്ടി ഉപയോഗിക്കുന്ന ഭാഗം താഴെ പറയുന്നവയിൽ ഏതാണ് ?

(A) ഫ്ലൈവീൽ (B) ഇൻലെറ്റ് വാൽവ്

(C) ക്ലച്ച് (D) ഡിഫറൻഷ്യൽ

87. സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്ക് പുതിയതായി റൂട്ട് പെർമിറ്റ് അനുവദിച്ച് നൽകുന്നത് ആര് ?

(A) റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടി

(B) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

(C) ട്രാൻസ്പോർട്ട് കമ്മീഷണർ

(D) ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

88. ഒരു ഓട്ടോറിക്ഷയിൽ ഡ്രൈവറെ കൂടാതെ എത്ര പേർക്ക് യാത്ര ചെയ്യാം ?

(A) 6 (B) 5 (C) 4 (D) 3

89. മദ്യപിച്ചു വാഹനം ഓടിക്കുന്നവർക്കെതിരെ മോട്ടോർ വാഹന നിയമത്തിലെ ഏതു വകുപ്പ് പ്രകാരമാണ് കുറ്റം ചുമത്തുന്നത് ?

(A) 185 (B) 194 (C) 192 (D) 177

90. ഒരു ചരക്കു വാഹനത്തിന്റെ പുറകറ്റത്തുനിന്നും തള്ളി നിൽക്കാവുന്ന ലോഡിന്റെ പരമാവധി നീളം എത്രയാണ് ?

(A) 150 സെ.മീ (B) 100 സെ.മീ (C) 200 സെ.മീ (D) 1000 സെ.മീ

91. ഒരു ചരക്ക് വാഹനത്തിൽ അമിത ഭാരം കയറ്റി എന്ന കുറ്റത്തിന് ലഭിക്കാവുന്ന ഏറ്റവും കുറഞ്ഞ പിഴ താഴെ പറയുന്നവയിൽ ഏതാണ് ?

(A) 1000 രൂപ (B) 500 രൂപ (C) 5000 രൂപ (D) 2000 രൂപ

92. ടെയിൽ ഗേറ്റിംഗ് എന്നാൽ എന്താണ് ?

(A) വേഗതാനുപാതികമായി മുന്നിൽ പോകുന്ന വാഹനവുമായുള്ള സുരക്ഷിത അകലം പാലിക്കുനതിനെയാണ്

(B) മുന്നിൽ പോകുന്ന വാഹനത്തിന്റെ തൊട്ടു പിന്നാലെ അപകടകരമായരീതിയിൽ വാഹനം ഓടിക്കുന്നതിനെയാണ്

(C) വാഹനം അമിത വേഗതയിൽ ഓടിക്കുന്നതിനെയാണ്

(D) ലെവൽ ക്രോസിനു സമീപം വാഹനം പാർക്ക് ചെയ്യുന്നതിനെയാണ്

93. നിങ്ങൾ ഓടിച്ചു പോകുന്ന വാഹനം കാവൽക്കാരനും ഗേറ്റും ഇല്ലാത്ത ലെവൽ ക്രോസിംഗിൽ എത്തുമ്പോൾ എന്തു ചെയ്യണം ?

(A) റയിൽപാളം മുറിച്ചുകടക്കാൻ പാടില്ല

(B) ഹോണടിച്ച് മുന്നറിയിപ്പ് നൽകി വേഗത്തിൽ കടന്നു പോകണം

(C) വാഹനം ഇടതു ഭാഗത്തു നിറുത്തി ഡ്രൈവർ ഇറങ്ങി പാളത്തിൽ വന്ന് ഇരു വശവും നോക്കി ട്രെയിൻ വരുന്നില്ലായെന്ന് ഉറപ്പുവരുത്തിയ ശേഷം റെയിൽപാളം മുറിച്ച് കടക്കണം

(D) അതുവഴിയുള്ള എല്ലാ ട്രെയിനുകളും കടന്നു പോകുന്നതുവരെ കാത്തു നിൽക്കണം

94. രാത്രി കാലങ്ങളിൽ വാഹനം പൊതു സ്ഥലത്ത് പാർക്ക് ചെയ്യുമ്പോൾ താഴെ പറയുന്നവയിൽ ഏതാണ് നിർബന്ധമായും ചെയ്തിരിക്കേണ്ടത് ?

(A) വാഹനം ഓടിക്കുവാൻ ലൈസൻസ് ഉള്ള ആൾ ഡ്രൈവറുടെ സീറ്റിൽ ഉണ്ടായിരിക്കണം

(B) വാഹനം പൂട്ടിയിട്ടിരിക്കണം

(C) വാഹനത്തിൽ നിന്ന് യാത്രക്കാരെ ഇറക്കി നിർത്തണം

(D) പാർക്ക് ലൈറ്റ് തെളിയിച്ചിരിക്കണം

95. വാഹനം ഓടിച്ചുവരുമ്പോൾ ചുവപ്പ് ട്രാഫിക് ലൈറ്റ് മാത്രം ഇടവിട്ട് തെളിയുന്നതു കാണുമ്പോൾ ഡ്രൈവർ എന്തു ചെയ്യണം ?

(A) വാഹനം നിർത്തി അപകടം ഇല്ലായെന്ന് ഉറപ്പുവരുത്തിയതിനു ശേഷം സാവധാനം കടന്നു പോകണം

(B) വാഹനം വേഗതകുറച്ച് കടന്നു പോകണം

(C) പച്ച ലൈറ്റ് തെളിയുന്നതു വരെ കാത്തു കിടക്കുക

(D) വാഹനം ഓടിച്ചു വരുന്ന അതേ വേഗതയിൽ കടന്നുപോവുക

96. നിങ്ങൾ ഓടിക്കുന്ന വാഹനം ട്രാഫിക് പോലീസോ സിഗ്നലോ ഇല്ലാത്ത രണ്ട് പ്രധാന റോഡുകൾയോജിക്കുന്ന ഒരു നാല്ക്കവലയിൽ എത്തുമ്പോൾ എന്തു ചെയ്യണം ?

(A) സിഗ്നൽ കാണിച്ച് ഹോൺ മുഴക്കി കടന്നു പോകും

(B) വലതു വശത്തു നിന്നു വരുന്ന വാഹനങ്ങളെ കടത്തിവിട്ട് ആവശ്യമായ സിഗ്നലുകൾ നൽകി മുന്നോട്ടു പോകും

(C) മറ്റ് മൂന്നു റോഡിലുള്ള വാഹനങ്ങൾ പോയിക്കഴിയുന്നതുവരെ കാത്തു നിൽക്കും

(D) വേഗത കൂട്ടി കടന്നു പോകും

97. അഞ്ച് ലിറ്റർ ഡീസലുപയോഗിച്ച് നൂറ്റിയൻപത് (150) കിലോമീറ്റർ സഞ്ചരിക്കുന്ന ഒരു ഡീസൽ വാഹനത്തിന്റെ ശരാശരി മൈലേജ് എത്ര ?

(A) 30 കി.മീ/ലിറ്റർ (B) 50 കി.മീ/ലിറ്റർ (C) 750 കി.മീ/ലിറ്റർ (D) 145 കി.മീ/ലിറ്റർ

98. ഹൈഡ്രോളിക് ബ്രേക്ക് സിസ്റ്റത്തിൽ ഒരു പ്രധാന ഭാഗം താഴെ പറയുന്നവയിൽ ഏതാണ് ?

(A) റേഡിയേറ്റർ (B) കാർബുറേറ്റർ (C) മാസ്റ്റർ സിലിണ്ടർ (D) ക്ലച്ച് ഡിസ്ക്

99. മോട്ടോർ വാഹന നിയമത്തിലെ 112 -ാം വകുപ്പ് എന്തിനെപ്പറ്റി പ്രതിപാദിക്കുന്നു ?

(A) അമിതഭാരം

(B) അമിതവേഗത

(C) ലൈസൻസില്ലാതെ വാഹനം ഓടിക്കൽ

(D) ഇൻഷുർ ചെയ്യാത്ത വാഹനം ഓടിക്കൽ

100. ഹെവി വാഹനങ്ങളുടെ ഗ്രോസ് വെഹിക്കിൾ വെയ്റ്റ് (GVW) താഴെ പറയുന്നവയിൽ ഏത് ?

(A) 12000 കിലോ ഗ്രാമിനു മുകളിൽ

(B) 3000 മുതൽ 6000 കി.ഗ്രാം വരെ

(C) 8000 മുതൽ 11000 കി.ഗ്രാം വരെ

(D) 3000 കിലോഗ്രാമിൽ താഴെ

- o 0 o -